MR. PAUL THALIATH: പണം അപഹരിച്ചതുകൊണ്ട് ഡിസ് ചാർജ്ജചെയ്ത ഒരാളിനെ തിരെ പ്പോലിയിൽ പ്രവേശിച്ചതു ശരിയാണോ?

HON'BLE MR. T. K. NARAYANA PILLAI: പണം അപഹരിച്ച എന്നല്ല കേസ്. രണ്ടു ചെക്കുകൾ അയാളുടെ പേരിലായിരുന്നതു വേണ്ട സമയത്തു ക്യാഷ് ചെയ്യുന്നതിനു ബാങ്കിൽ കൊണ്ടുപോകാതെയിരുന്നു എന്നുള്ളതാണ് ചാർജ്ജ്.

MR. PAUL THALIATH: ഇതുപോലെ മറ്റുദ്യോഗസ്ഥന്മാർ ചെക്കു എഴുതി പണം തട്ടത്തതായി റിപ്പോർട്ടുകൊണ്ടു മനസ്സിലാകുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: വേറെയും ഒന്നുരണ്ടുപേർ ചെക്കു വേണ്ട സമയത്തു ക്യാഷ് ചെയ്തില്ല എന്നു കേസ്സു ഉണ്ടായിട്ടുണ്ട്.

MR. PAUL THALIATH: അവരെ ശിക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: അതേ സംബന്ധിച്ചു ഞാൻ അന്വേഷിച്ചിട്ടില്ല. ചോദ്യം മി. മാത്യുവിനെ സംബന്ധിച്ച് മാത്രമായതുകൊണ്ടു ആ വിവരങ്ങൾ ഞാൻ ശേഖരിച്ചിട്ടില്ല.

MR. PAUL THALIATH: ഈ വക കാര്യങ്ങളിൽ അന്വേഷണം നടത്തുന്നതിനു മെമ്പർകമ്മിഷണറേക്കാൾ ഫൈനാൻഷ്യൽ സെക്രട്ടറിയായിരിക്കുക അല്ലേ ക്രമേക്കൂടി ഭേദം?

MR. PRESIDENT: That question is disallowed.

Aluminium Industries Ltd.

*596. MR. PAUL THALIATH: Will the Hon'ble Minister for Industries be pleased to state:

(*a*) the number of shares taken and the amount invested by Government in the Aluminium Industries Ltd;

(*b*) the amount of loan if any given, with the rate of interest;

(*c*) whether Government have got any control over the management of the company;

(*d*) if so, the terms of the agreement by which this control is effected; and

(*e*) whether any dividend has been received and if so the total amount so far received?

HON'BLE MR. T. K. NARAYANA PILLAI: (*a*) Number of shares taken by Government. 20,000 ordinary shares of Rs. 10 each.

(*b*) Amount invested I. Rs. 2 lakhs.

(*b*) Loan given I. Rs. 5 lakhs.

Rate of interest 3½% per annum.

(*c*) The management of the company is in the hands of the Managing Agents who carry on the affairs of the company in accordance with the terms of the agreement which they have entered into with the company. The management so carried on is being reviewed and controlled by the Board of Directors, of whom one re-

LIBRARY ARCHIVES Kerala Legislative Assembly

presents Government and he looks after the interests of Government in the concern, particularly in respect of their investments and the welfare of the industry. Government have got a general control as in the case of all public limited concerns up to the limits prescribed in the Companies Act. Government have also appointed a Special Auditor to scrutinise the accounts and report.

(*d*) Does not arise in view of answer to part (*c*) above.

(*e*) Nil.

MR. PAUL THALIATH : ഈ കമ്പനി എത്രകാലമായി പ്രവത്തനത്തിൽ വന്നിട്ട്.

HON'BLE MR. T. K. NARAYANA PILLAI : ഫർ ർ ൽ ആണ് ഇങ്ങിനെ ഒരു കമ്പനി തുടങ്ങുന്നതിനുള്ള അനുവാദം ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുള്ളതു്. അനു ഫ ർ ലക്ഷംരൂപാ അതറയിസിഡ് ക്യാപ്പിറ്റലായിട്ടും, ഫ ർ ലക്ഷംരൂപാ സബ് സ്ക്രൈബിഡ് ക്യാപ്പിറ്റലായിട്ടും ഉണ്ടായിരുന്നു. ഗവണ്മെൻറിനു ഫ ർ ശതമാനം ഓഹരിയാണ് അവിടെ ഉള്ളതു്.

MR. PAUL THALIATH : ഫർ ർ ൽ തുടങ്ങിയിട്ടുള്ള കമ്പനിർൻവരെ ആദായം ഉണ്ടാക്കിയിട്ടില്ലെന്നാണോ പറയുന്നതു്.

HON'BLE MR. T. K. NARAYANA PILLAI : പറഞ്ഞതങ്ങിനെ തന്നെയാണ്. അതിനു കാരണങ്ങൾ വേണമെങ്കിൽ പറയാം. ഫർ ർ ൽ അനുവാദം കൊടുത്തു എങ്കിലും ർ ർ ൽ ആണ് ചില മെഷ്യനറികൾ വന്നതു്. ർ വ ൽ ആണ് പ്രവത്തനത്തിൻറെ ഏതാനും ഭാഗങ്ങൾ ആരംഭിക്കുന്നതിനു സാധിച്ചിട്ടുള്ളതു്. ഇനിയും ചില മെഷ്യനറികളുടെ ഭാഗങ്ങൾ വരുവാനുണ്ടു്. അതുകൊണ്ടു ഇന്നവരെ ഉദ്ദേശിച്ചതുപോലെ ശരിക്കു പ്രവത്തനം നടത്താൻ സാധിച്ചിട്ടില്ല.

MR. PAUL THALIATH : ഇപ്പോൾ കമ്പനി ശരിയായി പ്രവത്തനം നടത്തുന്നില്ലന്നാണോ പറയുന്നതു്.

HON'BLE MR. T. K. NARAYANA PILLAI : ഞാൻ പറഞ്ഞതിൽനിന്നും മനസിലാക്കേണ്ടതു് ഏതാനും പ്രവത്തനങ്ങൾ മാത്രമെ ആരംഭിച്ചിട്ടുള്ളുഎന്നും അതു് മിഷ്യനറി വരാത്തതുകൊണ്ടാണെന്നും അതുകൊണ്ടു എന്തുദ്ദേശത്തോടുകൂടിയാണോ പ്രവത്തനം നടത്തണമെന്നു തീരുമാനിച്ചതു് അതിനാവശ്യമായ പ്രവത്തനങ്ങൾ ആരംഭിച്ചിട്ടില്ലാ എന്നുമാണു്.

MR. P. T. CHACKO : അങ്ങനെയാണെങ്കിൽ മാനേജ്മെൻറ് കൗൺസിൽ ആദായം അപ്രാപ്രിയേറ്റ് ചെയ്യുപോകുന്നതു കൊണ്ടു് ഗവണ്മെൻറിനു ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി അന്വേഷണം നടത്താമോ?

HON'BLE MR. T. K. NARAYANA PILLAI : അതിനെപ്പറ്റിയാണു് അന്വേഷിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P, T. CHACKO : അവിടെ കിട്ടുന്ന ആദായം മാനേജ്മെൻറ് അപ്രാപ്രിയേറ്റു ചെയ്യുന്നതിനു ഉണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കാനായി മാനേജ്മെൻറ് കൗൺസിലിൻെറ നിയന്ത്രണം ഗവണ്മെൻറ് ഏറ്റെടുക്കുന്നതിനെ കുറിച്ച് അന്വേഷണം നടത്താമോ?

HON'BLE MR. T. K. NARAYANA PILLAI : അതിനു ഗവണ്മെൻറിനു അവകാശമില്ല.

MR. P. T. CHACKO : അങ്ങനെയാണെങ്കിൽ മാനേജ്മെൻറ് കൗൺസിൽ ആദായം ഇല്ലെന്നു കാണിക്കാൻ തക്കവണ്ണം റിക്കാർഡുകളും എല്ലാം ശരിപ്പെടുത്തിവയ്ക്കുന്നതിനു അവക്കു സൗകര്യം ഉണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതിനുവേണ്ടി കണക്കു പരിശോധിക്കാൻ ഒരാഡിറ്ററെ നിയമിച്ചിട്ടുണ്ട്.

MR. PAUL THALIATH : നമ്മുടെ പണംകൂടി ഉപയോഗിച്ചു അവരുടെ ആദായത്തിനു വേണ്ടി മാത്രം അങ്ങനെ അവർ ചെയ്യുന്നതായി— അതായതു് മാനേജ്മെൻറ് കൗൺസിലിൽ ഗവണ്മെൻറിനു പങ്കില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നു എന്നു സമ്മതിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെ ഒരു സമ്മതമാണ് ഗവണ്മെൻറിൻെറ പക്കൽ നിന്നും വേണ്ടതെങ്കിൽ അതു് തരാൻ ഗവണ്മെൻറു തയാറില്ല.

MR. PAUL THALIATH : എന്നാണു് ഇതു പൂർത്തിയാകുന്നതു്.

HON'BLE MR. T. K. NARAYANA PILLAI. വരാനിരിക്കുന്ന മെഷ്യനറി മുഴുവൻ വന്നുകഴിഞ്ഞാൽ പരിപൂർണ്ണമായ പ്രവർത്തനം ആരംഭിക്കുന്നതാണു്.

MR. P. T . CHACKO : മാനേജ്മെൻറു ഏജൻസി കൗൺസിലിൽ ഗവണ്മെൻറിനു വല്ല നിയന്ത്രണവും ഉണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ലാ.

MR. P. T. CHACKO : ആ കൗൺസിലിൽ ഗവണ്മെൻറിനു ഒരു പങ്കു് ഉണ്ടായിരിക്കണമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR T. K. NARAYANA PILLAI : ഏതായാലും ഇപ്പോൾ വിചാരിച്ചതുകൊണ്ടു ഫലമില്ല. അതു് മാനേജ്മെൻറും ഗവണ്മെൻറുമായി കാരാറിൽ ഉൾപ്പെട്ട സമയത്തു വേണ്ടിയതായിരുന്നു.

MR. P. T. CHACKO : കമ്പനിയിൽ നിന്നും കിട്ടുന്ന ആദായം കമ്പനിയുടെ ചെലവുകൾക്കാണെന്നു പറഞ്ഞു മാറിവക്കുന്നതു കൊണ്ടാണു് ആദായം ഇല്ലെന്നു അവർ പറയുന്നതു് എന്നു അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ആദായം കിട്ടാത്തതിനു പല കാരണങ്ങളും ഉണ്ടു്. അതിൽ ഒന്നു ഇങ്ങനെ ആയിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

DR. M. O. CHERIAN: Has there been any difference of opinion between the members of the Managing Agency and the Government Representative at any time during the management

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഇപ്പോൾ വലിയ അഭിപ്രായവ്യത്യാസമില്ല.

MR. PAUL THALIATH : പത്തുരൂപാ വിലയുള്ള ഷയറിനു ഇപ്പോൾ എന്തു വിലയാണുള്ളതു്.

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അന്വേഷിച്ചിട്ടില്ല.

MR. PAUL THALIATH : ഗവണ്മെൻറിൽനിന്നും ധാരാളം ഷെയർ കാശ് എടുത്തിരിക്കെ അതു ഗവണ്മെൻറു് അറിഞ്ഞിരിക്കേണ്ടതല്ലേ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അന്വേഷിച്ചിട്ടില്ല. എന്നാൽ തീർച്ചയായും അതിൻെറ രണ്ടിരട്ടിയോ, മൂന്നിരട്ടിയോ കൂടുതൽ ആണെന്നാണു തോന്നുന്നതു്.

പൊതുജനാഭിപ്രായം.

*597. MR. K. VELAYUDHAN NAIR *(Chananachery II—General)* : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സഭയും മറുപടി പറയുമോ?

വ്യാവസായിക വായ്പകൾ കൊടുക്കുന്നതിനു മുമ്പായി അതിനെപ്പറ്റി പൊതുജനങ്ങളിൽ ആക്ഷേപമുള്ളതായി അന്വേഷിക്കുന്ന പരസ്യങ്ങൾ ഗസറിലും പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്ന പതിവുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

Purchase of chassis.

*598. MR. PAUL THALIATH: Will the Hon'ble Minister for Transport be pleased to state.

(*a*) the number of chassis purchased by Mr. Ramamurthi now lying useless in the Alwaye garage .

(*b*) the total cost incurred for the same ; and

(*c*) the number of such chassis which were never used since brought to the garage ?

HON'BLE MR. K. R. ELANKATH :

(എ) ൪ൻ

(ബി) ആകെ വില ൪ൻറ്റ്രൻസ്വ രൂപാ

(സി) ൪ൻ

MR. PAUL THALIATH : ഈ ബസ്സുകൾ ഇതുവരെയും ഉപയോഗിച്ചിട്ടില്ലേ ?

HON'BLE MR. K. R. ELANKATH : ഇല്ലാ. അതു് ഉപയോഗശൂന്യമായി കിടക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly